# ഇതൾ




**ഗവ.ഹയർ സെക്കണ്ടറി സ്കൂൾ കിടങ്ങറ**

**46069**



## ഇതളുകളിലൂടെ


സന്ദേശം........3
ആമുഖം........4
എഡിറ്റോറിയൽ ബോർഡ്........5
........7
പ്രതിജ്ഞ........7
ദേശീയ ഗാനം........9
പ്രാർത്ഥന........10
തങ്കമോതിരം വൈക്കം മുഹമ്മദ് ബഷീർ........11
പത്രനീതി........12
വനനശീകരണം........13
ചിന്താ ശകലം........14
അറിവിന്റെ മാധുര്യം ( കവിത )........15
........16
കടങ്കഥ........16
ആർക്കി മെഡിസ്........17
ഇൻഡൊമിറ്റബിൾ സ്പിരിറ്റ് ഡോക്ടർ എ പി ജെ അബ്ദുൾകലാം (അദമ്യമായ ആത്മാവ് )........18
ഒരു മരത്തിന്റെഅന്ത്യം........19
........19
പഴഞ്ചൊല്ലുകൾ........20
പെൻസിൽ ഡ്രായിങ്........21
ചന്ദ്രയാൻ ഉറങ്ങുമ്പോൾ ആദിത്യൻ ഉണരുന്നു........24
പെൻസിൽ ഡ്രോയിങ്........25
ക്ലാസ് റൂം കാഴ്ചകൾ........27
ജീവിതം പടർത്തുന്ന വേരുകൾ........29
........29
തകഴി........30
........31
പെൻസിൽ ഡ്രോയിങ്........31
പിതൃത്വം........32
വാക്കുകൾ സർഗതാളങ്ങൾ........34
പൂക്കാലം കുമാരനാശാൻ........36
........37
വരയുത്സവം........37

ഒ.എ.ൻ . വി .കുറുപ്പ്[ 1931 - 2016 ]....38
ഭഷ്യവിഷബാധയെ കരുതാം....39
കഥകളിസംഗീതം....40
....41
STOPING BY WOODS ON A SNOWY EVENING....41
....42
നറുങ്ങ്....42

## സന്ദേശം

നമുക്കാവശ്യമായ പച്ചക്കറികൾ നമ്മുടെ വീട്ടുവളപ്പിൽ തന്നെ വി ളയിക്കു ഓരോ വീട്ടിലും ഓരോ അടുക്കളത്തോട്ടം ഉണ്ടാകട്ടെ ആരോഗ്യമുള്ള ജനത നാടിൻറെ സമ്പത് 2



# ആമുഖം

പ്രിയ കൂട്ടുകാരെ

ഈ സ്‌കൂളിലെ ലിറ്റിൽ കൈറ്റ്സ് ബാച്ചിന്റെ പ്രവർത്തനങ്ങൾ വളരെ പ്രശംസനീയമാണ്. വിദ്യാർത്ഥികളിൽ വിവര വിനിമയ സാങ്കേതിക വിദ്യ അത്യുത്ഭുതമായ മാറ്റങ്ങളാണ് വരുത്തിയിരിക്കുന്നത് അതിനു വേണ്ടി ശ്രമിച്ച വിദ്യാഭ്യാസ വകുപ്പിനും സർക്കാരിനും അങ്ങേയറ്റം നന്ദി രേഖപ്പെടുത്തുന്നു .

നല്ല പ്രൊജെക്ടുകളും റോബോട്ടിക്സും വീഡിയോ എഡിറ്റിംഗും  കുട്ടി റിപ്പോർട്ടർ മാരെയും ഈ പ്രവർത്തനങ്ങളിലൂടെ വാർത്തെടുക്കാൻ കഴിഞ്ഞു .ഇന്നത്തെ വിദ്യാലയ അന്തരീക്ഷത്തിൽ സ്‌കൂളിലെ ദൈനംദിന പ്രവർത്തനങ്ങളിൽ ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ പങ്കാളിത്തം എടുത്തു പറയേണ്ടതാണ് .

എല്ലാവർക്കും വിജയാശംസകൾ നേരുന്നു

ഹെഡ്മിസ്ട്രസ്

## എഡിറ്റോറിയൽ ബോർഡ്



ശ്രീഹരി മനോജ്

സഞ്ജയ് പ്രമോദ്
ആതിര എൻ
ആന്മരിയ ആന്റണി
അതുൽ ഉദയ കുമാർ
ആര്യ മനോജ്
ജിതിന ബാബു

# ഞങ്ങളുടെ വിദ്യാലയം







## പ്രതിജ്ഞ

ഭാരതം എന്റെ രാജ്യമാണ്. എല്ലാ ഭാരതീയരും എന്റെ സഹോദരീ സഹോദരൻമാരാണ്.
ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു.
സമ്പൂർണവും വൈവിധ J പൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.
ഞാൻ എന്റെ മാതാപിതാക്കളേയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.
ഞാൻ എന്റെ നാടിന്റെയും നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

## ദേശീയ ഗാനം


ജനഗണ മന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബ്യ സിന്ധു ഗുജറാത്ത മ റാഠാ
ദ്രാവിഡ ഉത്കല ബംഗാ,
വിന്ധ്യഹിമാചല യമുനാ ഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേതവശുഭആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണ മംഗള ദായക ജയഹേ
ഭാരത ഭാഗ്യവിധാതി
ജയഹേജ യ ഹേ ജയ ഹേ
ജയ ജയ ജയ ജയ ഹേ!

# പ്രാർത്ഥന

വന്ദിപ്പിൻ വന്ദിപ്പിൻ സോദരരെ
വന്ദിപ്പിൻ വന്ദിപ്പിൻനന്മയേകാൻ
മാതാപിതാ ഗുരു ദൈവങ്ങളെ
വന്ദിപ്പിൻ വന്ദിപ്പിൻ സോദരരെ
തിന്മകൾ ചെയ്തിടാൻ തോന്നിടല്ലേ
നന്മകൾ ചെയ്തിടാൻ തോന്നീടണേ
കൂടപ്പിറപ്പിനെ പോലെ വേണം
കൂട്ടുകാരെ നിങ്ങൾ കണ്ടീടണം
വൃത്തിയിലും ശുദ്ധിയിലും വന്നീടണം
നിത്യവും പാഠം പഠിച്ചീടേണം
നമ്മൾ പഠിക്കും ദേവാലയത്തിൽ
നല്ലവരായി വന്നീടേണം

ലൈല രഘുനാഥ്

തങ്കമോതിരം                    വൈക്കം മുഹമ്മദ് ബഷീർ



മലയാളകഥയെ നർമ്മവുമായി അടുപ്പിച്ച എഴുത്തുകാരനാണ് ബഷീർ. ഈ നർമം ജീവിതഗന്ധിയാണ്. ചിരിക്കാൻ മാത്രമുള്ള ഫലിതമായിരുന്നില്ല അത്.ചിരിയോടൊപ്പം ചിന്തയ്ക്കും പ്രധാന്യമുണ്ട്. തത്വജ്ഞനിക്ക് മാത്രം പറയാൻ കഴിയുന്ന നർമത്തിന്റെ മെമോടികളായിരുന്നു ബഷീർ തന്റെ കഥകളിൽ വിതറിയിരുന്നത്. തങ്കമോതിരം എന്ന കഥയും അത്തരത്തിലൊന്നാണ്. തങ്കമോതിരത്തിൽ ആദിമദ്ധ്യാന്ത പൊരുത്തമുള്ള ഒരു കഥയില്ല. ഒരു ചെറുകഥയ്ക്ക് അതിന്റെ ആവശ്യവുമില്ല. എങ്കിലും ആ കഥയിലെ നുറങ്ങു തത്വചിന്ത നമ്മെ സന്തോഷിപ്പിക്കുന്നു. പ്രസാദാത്മകമായ ഒരു കഥയാണ് 'തങ്കമോതിരം '. തങ്കമോതിരം തികച്ചും ബഷീറിനെ പ്രതിനിനീകരിക്കുന്നു. മറ്റെല്ലാ കഥയില്ലമെന്നുപോല്ലേ ബഷീർ തന്നെയാണ് നായകൻ. ഭാര്യയുടെ കൈവിരലിൽ ഒരു തങ്കമോതിരമുണ്ട്.അതിന്റെ മാഹാത്മ്യത്തെക്കുറിച്ച ഭാര്യ ഇടക്കിടെ പറഞ്ഞുകൊണ്ടിരിക്കും. അത് ഭാര്യക്ക് തലമുറകളായി കിട്ടിയതാണ്. മുൻ തലമുറ മുഴുവൻ കേമൻമാരാണ് എന്ന് ഭാര്യ അവകാശപ്പെടുന്നു. സ്ത്രീകളെ സംബന്ധിച്ചിടത്തോളം അത് സഹജമായ വാസനയാ ണ്

അക്ഷര രതീഷ്

# പത്രനീതി

(നവയാത്രകൾ, സുകുമാർ അഴീക്കോട്)



പത്രങ്ങളെപ്പറ്റി
സാധാരണമായിആളുകൾനല്ലതേപറയാറുള്ളൂ.വലിയപ്രത
ിദിനവാർത്താമാധ്യമങ്ങളെക്കുറിച്ചാണ് ഞാനിവിടെ
എഴുതുന്നത്; മറ്റു തരം പത്രങ്ങളുടെ പരാമർശം ഈ
പ്രബന്ധത്തിൽ ആനുഷംഗികം മാത്രമാണ്. ഏതു
മനുഷ്യനും വാർത്ത അറിന്നതിനു മാത്രമല്ല, വാർത്ത
നൽകുന്നതിനും പാത്രത്തെ ആശ്രയിക്കേണ്ടി വരുന്നു -
ഒരിക്കലല്ലെങ്കിൽ മറ്റൊരിക്കൽ . അത് ലോകത്തെ നമ്മുടെ മടിയിൽ എത്തിക്കുമ്പോൾ ,
നമ്മുടെ അകായിലെ സംഭവത്തെ ലോകത്തിന്റെ മുൻ പിലും പ്രചാരം വേണമെങ്കിൽ
പത്രത്തെത്തന്നെ ആശ്രയിക്കണം. പത്രമെന്ന വിരോധാഭാസം ഇതത്രേ പത്രങ്ങൾ
സൂര്യനു ചുവടെയും മേലെയുമുള്ള എല്ലാറ്റിനും പറ്റി വൃത്താന്തങ്ങൾ തരുന്നുവെന്നു
മാത്രമല്ല, അവയെ വിമർശിക്കുകയും ചെയ്യുന്നു. പക്ഷേ, അത്രത്തോളം പത്രങ്ങൾ
വിമർശിക്കപ്പെടുന്നില്ല.

ആതിര - എൻ

വനനശീകരണം



വനനശീകരണം ഇന്നൊരു സാധാരണ സംഭവമായി മാറിയി രിക്കുകയാണ്. അതുണ്ടാക്കുന്ന വിപത്തുകളെക്കുറിച്ചുള്ള അറിവുണ്ടായിട്ടും ധനമോഹത്താൽ അത് തുടരുന്നത് നാളത്തെ തലമുറയോടുള്ള കെട്ടും ക്രൂരതയാണ്. അതിനാൽ എന്തു വില കൊടുത്തും അത് തടഞ്ഞേ തീരും

വനനശീകരണം സൃഷ്ടിക്കുന്ന പ്രത്യക്ഷമായ വിപത്ത് ഇന്ധനക്ഷത്രമാണ്. എന്നാൽ അതിലും ഭീകരമായ മറ്റു നിരവധി അപത്തുകൾക്ക് അത് പരോക്ഷമായി കാരണമാകുന്നുണ്ട് . മണ്ണൊലിപ്പ് വർദ്ധിക്കുന്നതിനും മഴ കുറയുന്ന തിനും വരൾച്ചയ്ക്കും മെല്ലാം അത് വഴിതെളിക്കുന്നു

വനനശീകരണം മൂലം നമ്മുടെ കൃഷി ഭൂമിയുടെ ഒരു ശതമാനം വീതം പ്രതിവർഷം മരുഭൂമിയായി മാറ്റപ്പെട്ടുണ്ട് എന്നതാണ് ഗവേഷകളടെ അഭിപ്രായം .ഈ നിലയിൽ തുടർന്നാൽ വൈകാതെ ഭൂമി ആകെ " സഹാറ" യായി മാറുമെന്നാണ് പരിസ്ഥിതി വിദഗ്ധരുടെ കണ്ടെത്തൽ

ഇതുടെ പറഞ്ഞ് ഞാൻ നിർത്തുന്നു.

" ഒരു തൈ നടുമ്പോൾ ഒരു തണൽ നടുന്നു" എന്ന കവിവാക്യം നാം ഓരോരുതത്തും ഉൾക്കൊള്ളണം. അല്ലെങ്കിൽ മറ്റൊരു കവി വാക്യത്തിലുള്ളതുപോലെ സംഭവിക്കും.

" കാടില്ലെങ്കിൽ നാടില്ല, നാടില്ലെങ്കിൽ നാമില്ല!"

ശ്രീഹരി മനോജ്

# ചിന്താ ശകലം

ഇന്ന് നിനക്കുള്ളതെല്ലാം
ഇന്നലെ മറ്റാരുടേതോ ആയിരുന്നു
നാളെ അത് മറ്റാരുടേതോ ആകും
മാറ്റം പ്രകൃതി നിയമമാണ്

ഭഗവത് ഗീത

അവനവനാത്മസുഖത്തിനാചരിക്കുന്നത-
പരന്ന് സുഖത്തിനായ് വരേണം

ശ്രീ നാരായണ ഗുരുദേവൻ

# അറിവിന്റെ മാധുര്യം ( കവിത )

അറിയാതെ ഞാനെന്റെ ആത്മാവിലിത്തിരി
അറിവിന്റെ ഇക്കിളി കൂട്ടു കൂട്ടി
അറിയില്ലയൊന്നുമേ അറിവിനായ് ഞാൻ തേടി
അലയുകയാണ് മനസ്സിനുള്ളിൽ
അമ്മായനേകിയഅറിവിന്റെ മാധുര്യം
എന്നും മനസ്സിലതോർത്തു വെക്കും
തൂലിക തുമ്പിൽ വരുന്നൊരു വാക്കുകൾ
ഒന്നുമേ എഴുതുവാൻ കഴിയുന്നില്ല
എല്ലാംപകർത്തണമുണ്ടെനിക്കാഗ്രഹം
ഒന്നുമേ ചെയ്യാൻ കഴിയുന്നില്ല
എങ്കിലും ഞാനെൻ മനസ്സിനുള്ളിൽ
എല്ലാം കുറിച്ചിട്ടു കാത്തിരിക്കും

# കടങ്കഥ

അമ്മയെ കുത്തി മകൾ മരിച്ചു

തീപ്പെട്ടി

ആയിരം പൊലീസിന് ഒരു ബെൽറ്റ്

ചൂല്

ഒരമ്മ പെറ്റതെല്ലാംകറുത്ത പിള്ളേർ

കട്ടുറുമ്പ്

അകത്തേക്ക് പോകുമ്പോൾ പച്ച പുറത്തേക്ക് വരുമ്പോൾ ചുവപ്പ്

വെറ്റില മുറുക്ക്

അടി പാറ നടു വടി തല കുട

ചേന

കൊമ്പിന്മേൽ തുളയുള്ള കാള

കിണ്ടി

അകത്തിരുന്നു നോക്കിക്കാണും കണ്ടതെല്ലാം അകത്താക്കും

ക്യാമറ

അരയുണ്ട് കാലുണ്ട് കാലിനു പാദമില്ല

പാന്റ്

അഞ്ചു അജിത്

## ആർക്കി മെഡിസ്



ഒരു ഉത്തോലകവും ഉറച്ചുനിൽക്കാനിടവും തന്നാൽ ഞാനീ ഭൂഗോളത്തെ ഇളക്കാം എന്നു പറഞ്ഞ ഗ്രീക്ക് ഗണിത ശാസ്ത്രജ്ഞനാണ് ആർക്കി മെഡീസ്.

പൈയുടെ വില കൃത്യമായി കണക്കാക്കുന്നതിനും ഭൗതികശാസ് ത്രത്തിലെ പ്രശ്നനിർധാരണത്തിനും. യുദ്ധോപകരണ നിർമിതിക്കുമെല്ലാം ആർക്കി മെഡിസ് ജ്യാമിതി ഉപയോഗിച്ചു. കലന ശാസ്ത്രത്തിന്റെ വളച്ചയിൽ പ്രധാന പങ്കു വഹിച്ച അനന്ത സൂക്ഷ്മമെന്ന ആശയം ആദ്യമായി അവതരിപ്പിച്ചത് അദ്ദേഹമായിരുന്നു.

**287 BC** യിൽ സിസിലിയിലെ സിറാക്കുസിലാണ് അദ്ദേഹം ജനിച്ചത്. ഗണിത ശാസ്ത്ര സംഭാവനകളുടെ പേരിലല്ല മറിച്ച് റോമാക്കാരുടെ ആ കണങ്ങളിൽ നിന്ന് സിസിലിയെ രക്ഷിച്ച യുദ്ധോപകരണ നിർമാതാവ് എന്ന പേരിലാണ് ജീവിച്ചിരിക്കുമ്പോൾ ആർക്കി മെഡിസ് ആരാധിക്കപ്പെട്ടത്.

അനഘ രതീഷ്

**ഇൻഡൊമിറ്റബിൾ സ്പിരിറ്റ്** ഡോക്ടർ എ പി ജെ അബ്ദുൾകലാം (അദമ്യമായ ആത്മാവ് )



ഞാൻ വായിച്ച പുസ്തകം ശ്രീ എ.പി.ജെ അബ്ദുൾ കലാം സാർ ന്റെ' **Indomitable spirit** 'അണ്. ഈ പുസ്തകത്തിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഭാഗം' അമ്മ' എന്ന ഭാഗമാണ് ഇതിൽ സാർ എ.പി.ജെ യുടെ കുട്ടികാലം മാണ് വർണ്ണിച്ചിരിക്കുന്നത് അതു പോലെ തന്നെ എനിക്ക് അദ്ദേഹത്തിന്റെ മഹത് വചനങ്ങളും വളരെ ഏറെ ഇഷ്ടമുള്ളവയാണ് 'ഒരദ്ധ്യാപകന്റെ ജീവിതം അനേകം ദീപങ്ങളെ ജ്വലിപ്പിക്കുന്നു'' മഴപെയുമ്പോൾ പക്ഷികൾ കൂട്ടിൽ അഭയം തേടുന്നു പക്ഷേ പരുന്ത് മാത്രം മഴ മേഘങ്ങക്ക് മേൽ പറന്ന് മഴയിൽ നിന്ന് രക്ഷപ്പെടുന്നു'' ഇതിലൂടെ നമ്മുക്ക് മനസ്സിലാക്കുന്നത് എല്ലാവർക്കും പ്രഷ്നങ്ങൾ ഉണ്ടാകും അതിനെ തരണം ചെയ്യ്ത് മുന്നോട്ട് വരുന്നവനാണ് യഥാർത്ഥ വിജയി എന്നാണ് നമ്മെ ഓർമ്മിപ്പിക്കുന്നത് കുട്ടികാലത്ത് പത്രം വിറ്റ നടന്ന ഒരു വക്തിയാണ് കലാം പക്ഷേ പിന്നീട് ഒരു അദ്ധ്യപകൻ ശാസ്ത്രജ്ഞൻ ഇന്ത്യൻ രാഷ്ട്രപതി എന്നിങ്ങനെ അനേകം പദവികൾ അദ്ധേഹത്തിന്റെ ജീവിതം ഒരോ സാധരണകാരനും പ്രജോധനമാണ് . അനവധി പുസ്തകങ്ങൾ രചിച്ച അത്മ കഥകളും എനിക്ക് ഈ പുസ്തകവും ശ്രീ എ.പി.ജെ അബ്ദുൾ കലാം സാറിനെയും വളരെ ഇഷ്ടമായി .

'' വായിച്ച് വളരുക
ചിന്തിച്ച് വിവേകം നേടുക''

സഞ്ജയ് പ്രമോദ്

## ഒരു മരത്തിന്റെഅന്ത്യം



ഒരു കുന്നിൻ മുകളിൽ ഒരു വടവൃക്ഷ മുണ്ടായിരുന്നു. പടർന്നു പന്തലിച്ച വേരുകൾ താഴേക്കിറങ്ങി വലിയ ഒരു മരം തന്നെ. അതിനു താഴെ മറ്റൊരു കൊച്ചു മരം വളർന്നു വരാൻ തുടങ്ങി. അധികം വെയിലും മഴയും കാറ്റും ഒന്നും ഏൽക്കാതെ വടവൃക്ഷ അതിനെ സംരക്ഷിച്ചു.

എന്നിൽ, ചെറിയ മരത്തിന് ഇതഒട്ടും ഇഷ്ടമായില്ല.'ഹൊ, തല ശരിക്കൊന്നുയർത്താൻ പോലും ഈ കിഴവൻ മരം സമ്മതിക്കില്ല! എത്രയും വേഗം ഈ തന്തമരം നശിച്ചുപോയെങ്കിൽ .....!' അത് ഇടയ്ക്കിടെ മനസ്സിൽ പ്രാർത്ഥിക്കും.

ഒരുനാൾ കുറെ മരംവെട്ടുകാർ ആ വഴി വന്നു. വടവൃക്ഷത്തിൻ്റെ തടി അവർ പരിശോധിച്ചു. എന്നിട്ടവൻ പണിപ്പെട്ട് ആ വലഇയമരം മുറിച്ചിട്ടു. കൊച്ചുമരത്തിന് സന്തോഷമായി. ഇനി ഒറ്റയ്ക്കങ്ങനെ തലയുയർത്തിനിൽക്കാമല്ലോ!

ദിവസങ്ങൾ കഴിഞ്ഞു. ഒരു ദിവസം രാത്രി ഭയങ്കരമായ കാറ്റും മഴയും വന്നെത്തി. മഴവെള്ളം വീണ് ചുറ്റുമുള്ള മണ്ണ് നാലുവശത്തേക്കും ഒലിച്ചുപോയി. കാറ്റിൽപ്പെട്ട് ചെറിയ മരം ആടിയുലഞ്ഞു. അതിനെ പിടിച്ചു നിർത്താൻ ആരും ഉണ്ടായില്ല.

വൈകാതെ ആ ചെറിയ മരം കടപുഴക്കി വീണു.

ആര്യ മനോജ്

# പഴഞ്ചൊല്ലുകൾ

1.പഴഞ്ചൊല്ലിൽ പതിരില്ല

2.മിന്നുന്നതെല്ലാം പൊന്നല്ല.

3.തീയിൽ കുരുത്തത് വെയിലത്ത് വാട്ടില്ല.

4.മുറ്റത്തെ മുല്ലയ്ക്ക് മണമില്ല.

5.ഉപ്പോളം വരുമോ ഉപ്പിലിട്ടത്

6.ഉണ്ണിയെ കണ്ടാലറിയാം ഊരിലെ പഞ്ഞം

7.അന്തിക്ക് വന്ന മഴയും വിരുന്നും അന്ന് പോവില്ല.

8.മകരത്തിൽ മഴ പെയ്താൽ മലയാളം മുടിയും

9.നാടോടുമ്പോൾ നടുവേ ഓടണം

10.ഇക്കരെ നില്ക്കുമ്പോൾ അക്കരെപ്പച്ച

അഭിരാമി എൻ ജെ

# പെൻസിൽ ഡ്രായിങ്



## ചന്ദ്രയാൻ ഉറങ്ങുമ്പോൾ ആദിത്യൻ ഉണരുന്നു

=====================




**സൂര്യന്റെ അറിയാക്കഥകൾ തേടി ഇന്ത്യയുടെ ആദ്യ സൗര ദൗത്യം ആദിത്യ എൽ 1 വിണ്ണിലേക്കുയർന്നു. ശ്രീഹരി കോട്ട സതീഷ് ധവാൻ സ്പേസ് സെൻറിലെ രണ്ടാം വിക്ഷേപണത്തറയിൽ നിന്നാണ് പുറപ്പെട്ടത്.**

**1480. 7 കിലോ ഭാരമുള്ള ആദിത്യയുമായി പി എസ് എൽവി_ എക്സ്എൽ സി 57 റോക്കറ്റ് കുതിച്ചുയർന്നു. 64 മിനിറ്റിന് ശേഷം ഭൂമിയിൽ നിന്ന് 648.7 കിലോ മീറ്റർ അകലെയായി, ആദിത്യ റോക്കറ്റിൽ നിന്ന് വേർപെട്ട് തുടർന്ന് 125 ദിവസത്തിനിടെ നാലു തവണയായി ഭ്രമണപഥം ഉയർത്തിയാകും ലക്ഷ്യസ്ഥാനമായ ഒന്നാം  ലഗ്രാഞ്ച്  ബിന്ദുവിൽ ആദിത്യ എൽ 1 എത്തുക.**

**ഭൂമിയിൽ നിന്ന് ഏകദേശം 15 ലക്ഷം കിലോമീറ്റർ അകലെയാണിത്.**

**ഇവിടെ നിന്നാകും സൗര അന്തരീക്ഷത്തിന്റെ മുകൾ ഭാഗത്തെ ചൂടും അതുവഴിയുള്ള വികരണം മൂലം ഭൂമിയുടെ അന്തരീക്ഷത്തിലും കാലാവസ്ഥയിലുണ്ടാകുന്ന മാറ്റവും 5 വർഷത്തോമാളവിക ഉണ്ണിത്താൻ  ളം പഠിക്കുക. വിവിധ പഠനങ്ങൾക്കായി വെൽ ക്ക്, സ്യൂട്ട്, സോളക്സ്, ഹെലിയസ്, അസ്പെക്സ്, പാപ, മാഗ് എന്നീ 7 പേലോഡുകൾ ആദിത്യയിലുണ്ട്.**

**മാളവിക ഉണ്ണിത്താൻ**

# പെൻസിൽ ഡ്രോയിങ്




ആന്മരിയ ആന്റണി

# ക്ലാസ് റൂം കാഴ്ചകൾ













## ജീവിതം പടർത്തുന്ന വേരുകൾ



**കുട്ടി അമ്മയോട് ചോദിച്ചു "ഈ വൃക്ഷങ്ങൾ ഒക്കെ വീഴാതെ നിൽക്കുന്നല്ലോ....**

**അവയ്ക്ക് ഭൂമിയിൽ വേരുണ്ട്. അതുകൊണ്ട് ഉറച്ച് നിൽക്കുന്നു**

**അമ്മ പറഞ്ഞു.**

**"അപ്പോൾ നമ്മുടെ വേരുകളോ?" അതും ഈ അമ്മയായ ഭൂമിയിൽ തന്നെ "**

**വേരുകൾ (ഡി. വിനയചന്ദ്രൻ)**

**തരുൺ എ റ്റി**


# തകഴി



കഥ എഴുതുവാൻവേണ്ടി ഞാൻ നോക്കിനടക്കാറില്ല മലയാളത്തിലെ ഏതെങ്കിലും എഴുത്തുകാരൻ അങ്ങനെ നോക്കിനടക്കുമെന്ന് എനിക്ക് തോന്നുന്നും ഇല്ല ജീവിതത്തിൽ കണ്ടുമുട്ടിയ അല്ലെങ്കിൽ അനുഭവിച്ച അറിഞ്ഞ എല്ലാ സംഭവങ്ങളും അപ്പപ്പോൾ കഥയ്ക്കു വിഷയമാക്കാൻ എനിക്ക് തോന്നിട്ടില്ല ഓരോ എഴുത്തുകാരനും അവന്റേതായിട്ടുള്ള കാഴ്ച്ചപ്പാടാണ് നാളെ അത് ആയിരിക്കാം ഒരു കഥ ആയിട്ട് എഴുതാൻ കഴിവുള്ളവർ നമ്മുടെ ഇടയിലും ഉണ്ടായിരിക്കാം

രേവതി സജിമോൻ

# പെൻസിൽ ഡ്രോയിങ്



**അഭിരാജ്**

## പിതൃത്വം

അച്ഛൻ : വിയർപ്പിന്റെയും സഹനത്തിന്റെയും ത്യാഗത്തിന്റെയും അദ്ധ്വാനത്തിന്റെയും വിട്ടുവീഴ്ച്ച യുടെയും പ്രതീക്ഷയുടെയും കാതൽ. തനിക്കുവേണ്ടി മാത്രം അന്വേഷിക്കുകയും കണ്ടെത്തുകയും സ്വീകരി ക്കുകയും ചെയ്യാമായിരുന്നിട്ടും പലതിനേയും തിരിഞ്ഞു നോക്കിയില്ല. മനസ്സിൽ തന്റെ കുടുംബത്തിന്റെ ഭദ്രത മാത്രം ഓർത്തുവച്ചു. എല്ലാ സഹനത്തിന്റെയും ആകെ ത്തുകയാണച്ഛൻ. തന്റെ തണലിലെ കുടുംബത്തിന്റെ സന്തോഷം മാത്രം ലക്ഷ്യം വച്ചവൻ. മോശമല്ലാത്ത വീട്, കുട്ടികളുടെ വിദ്യാഭ്യാസം, സമൂഹത്തിലെ മാന്യത, നല്ല സൗഹൃദങ്ങൾ, നല്ല കുടുംബമെന്ന സാമൂഹ്യപാഠം, തന്റെ മകനാണെന്നു പറഞ്ഞ് പരിചയപ്പെടുത്താനുള്ള അഭിമാന ത്തിനുള്ള അവസരം, അവിടെ ലഭിക്കുന്ന മാന്യത. നല്ല ബന്ധങ്ങൾ, ബന്ധുക്കൾ മടി കൂടാതെ കടന്നുവരുവാനു തകുന്ന സൽപ്പേര്. കുടുംബത്തിൽ ഒരിടത്തും ഒരു പോരായ്മയും ഉണ്ടാകാതിരിക്കാനുള്ള ചിന്തയും അതി നുള്ള കണ്ടെത്തലുകളും, പോരായ്മകൾ വരാതിരി ക്കാനുള്ള മുൻകരുതലുകളുമാകുന്നു. ആ ത്യാഗിയുടെ ഓരോ മനസ്സൊരുക്കവും, തറഞ്ഞുറഞ്ഞ ഭൂമിയിലെ മണ്ണിളക്കി മണ്ണിനെ പാകപ്പെടുത്തി എടുക്കുവാനുള്ള ശ്രമത്തിൽ ആഞ്ഞു കിളക്കുമ്പോൾ ആവശ്യത്തിനാഴം വിന്നിട്ടില്ലെന്ന് മനസ്സിലാക്കി വീണ്ടും വീണ്ടും ആഞ്ഞു കിളക്കുന്നതു പോലെ, അയാളുടെ ശരീരത്തിൽ നിന്നും ഒഴുകി മണ്ണിലേക്ക് അടർന്നു വീഴുന്ന ഓരോ തുള്ളിവിയർപ്പുകണങ്ങളുടെയും ആകെത്തുകയാണ് ആ മണ്ണിൽ വിളവൊരുക്കിയതിനു കാരണം. വിളവിനെ കൈനീട്ടി പറിച്ചെടുക്കുമ്പോൾ അതിനെ വിളയിച്ച മണ്ണിനെയും അതിൽ അധ്വാനിച്ച പൊന്നുമനസ്സിനെയും നമസ്കരി ക്കണം. അങ്ങനെ വേണം ആ വിളവിനെ അടർത്തി യെടുക്കുവാൻ അതിൽ കുത്തൊന്നും ചിന്തിച്ചുകൂടാ അതെല്ലാം അച്ഛന്റെ ചുമതലയാണെന്നു പറഞ്ഞ് ആളാകുന്ന മക്കൾ ഇന്നു ധാരാളം പച്ചപ്പാർന്ന ഇടതൂർന്നു വളർന്നു നിൽക്കുന്ന പുൽമേടിലേക്ക് തള്ളി ക്കളിച്ചാടി എത്തുന്ന പശുക്കുട്ടങ്ങൾ ആർത്തിയോടെ രസിച്ചു നിന്നു വയറു നിറച്ചു നടന്നു നീങ്ങുന്നു.

കാലം വേനലിലേക്ക് നടന്നടുത്തപ്പോൾ പുൽനാമ്പുകളിൽ തളിരുകൾ മുളക്കാതായി. മേട്ടുകളിൽ കറങ്ങി നടന്ന് ഒന്നും കിട്ടാനില്ലാത്തതിനാൽ പിന്നീടങ്ങോട്ടു കടന്നുവരാത്ത പൈക്കുട്ടങ്ങളെപ്പോലെ മക്കൾ മാറുന്ന കാഴ്ച്ചകൾ അച്ഛനെ ഉപയോഗശൂന്യമായ വസ്തുവെ പോലെ വീടിന്റെ ഒതുങ്ങിയ ഒരു മുറിയിലേക്ക് പുറംതള്ളുന്നു. അറിവി ല്ലാത്തവനെന്നു പറഞ്ഞു ശകാരിക്കുന്നു. ജീവിതം  മുഴുവൻ ഇതുവരെ ജീവിച്ചിട്ടും കരയാൻ മാത്രം പഠിക്കാ അവൻ. സഹനത്തിന്റെ തോണിയിലേറി തന്റേതായ കടവിലേക്കുള്ള യാത്ര കരുതിയിരിക്കു ന്നു   അവൻ ഇന്നല്ലെ ങ്കിൽ നാളെ വീടിന്റെഒരു കോണിലോതുക്കി വയ്ക്കപ്പെടാനുള്ളവൻ അച്ഛൻ.

അഞ്ജിത രഘുനാഥൻ

## വാക്കുകൾ സർഗതാളങ്ങൾ

**പാബ്ലോ നെരൂദ**


**ആ പ്രായത്തിലാണ്,**
**എന്നെത്തേടി**
**കവിത വന്നണഞ്ഞത്.**



**എനിക്കറിയില്ല,**
**എവിടെ നിന്നാണ് വന്നെത്തിയ -**

**തെന്നെനിക്കറിയില്ല.**
**കുളിർത്തുവിറയ്ക്കുന്ന ശിശിരത്തിൽനിന്നോ**
**പതഞ്ഞൊഴുകുന്ന നദിയിൽനിന്നോ**
**എങ്ങനെയാ എപ്പോളെന്നോ**
**എനിക്കറിയില്ല**

**അതുൽഉദയകുമാർ**




**പൂക്കാലം** കുമാരനാശാൻ

പൂക്കുന്നിതാ മുല്ല, പൂക്കുന്നിലഞ്ഞി
പൂക്കുന്നു തേന്മാവു പൂക്കുന്ന ശോകം

വായ്ക്കുന്നു വേലിക്കു വർണ്ണങ്ങൾ,
പൂവാൻ
പോകുന്നു കാടന്തിമേഘങ്ങൾ
പോലെ.
എല്ലാടവും പുഷ്പഗന്ധം പരത്തി
മെല്ലെന്നു തെക്കുന്നു വീശുന്നു വായു;
ഉല്ലാസമീനീ ണ്ട കൂ കൂ രവത്താ ലെല്ലാർക്കുമേകുന്നിതേ കോകിലങ്ങൾ .

നിഖിൽ നന്ദനൻ

# വരയുത്സവം





# ഒ.എ.ൻ . വി .കുറുപ്പ്[ 1931 - 2016 ]



**കൊല്ലം ജില്ലയിലെ ചവറയിൽ ജനിച്ചു. അധ്യാപകൻ കോഴിക്കോട് സർവകലാശാലയിൽ മലയാളം വകുപ്പിൽ വിസിറ്റിങ് പ്രഫസർ എന്നീ നിലകളിൽ പ്രവർത്തിച്ചു. കേരള കലാമണ്ഡലം ചെയർമാനായിരുന്നു. ജ്ഞാനപീം പുരസ്കാരം എഴുത്തച്ഛൻ പുരസ്കാരം കേന്ദ്ര- കേരള സാഹിത്യ അക്കാദമി അവാർഡുകൾ വയലാർ അവാർഡ് ഗാന രചനക്ക് ദേശീയ - സംസ്ഥാനം അവാർഡുകൾ.1998 ൽ പത്മശ്രീയും 2011 ൽ പത്മവിഭൂഷൺ ബഹുമതിയും ലഭിച്ചു.**

**ജിതിന ബാബു**

## ഭക്ഷ്യവിഷബാധയെ കരുതാം





പഴകിയതോ വൃത്തിഹീനമായതോ ആയ

ഭക്ഷണപദാർത്ഥങ്ങൾ കഴിക്കുന്നതിനെ തുടർന്ന്

ഉണ്ടാകുന്ന ആരോഗ്യപ്രശ്നമാണ് ഭക്ഷ്യവിഷബാധ .

വൃത്തിഹീനമായ സാഹചര്യത്തിൽ പാചകം ചെയ്തു

വിളമ്പുന്ന ഭക്ഷണസാധനങ്ങളിലും അണുവിമുക്തമാക്കപ്പെടാത്ത

ഇടങ്ങളിൽ സൂക്ഷിച്ചുവയ്ക്കുന്ന ആഹാരപദാർത്ഥങ്ങളിലുമാണ്
ഭക്ഷ്യവിഷബാധയ്ക്ക് കാരണമായ രോഗാണുക്കൾ കടന്നുകൂടുന്നത്.

അപർണ എസ്

## കഥകളിസംഗീതം



കേരളീയമായ സോപാനസംഗീത

സമ്പ്രദായമാണ് കഥകളിസംഗീതത്തിലും സ്വീകരിച്ചിട്ടുള്ളത്.

കഥകളിയിൽ നടന്മാർ വാചികാഭിനയം നടത്തുന്നില്ല .

പാട്ടുകാർ പിന്നിൽ ആ പദങ്ങൾ പാടുകയാണ് ചെയ്യുന്നത്.

പൊന്നാനി ,ശിങ്കിടി എന്നി പേരുകളിലാണ് പാട്ടുകാർ അറിയപ്പെടുന്നത്.

ശ്രുതിമോൾ പി ജെ

# STOPING BY WOODS ON A SNOWY EVENING

**The woods are lovely dark and deep**
**but I have promises to keep**
**And miles to go before I sleep**
**And miles to go before I sleep.**

**മനോഹരം മഹാവനം ഇരുണ്ടഗാധമെങ്കിലും**

**അനേകമുണ്ട് കാത്തിടേണ്ട മാമക പ്രതിജ്ഞകൾ**

**അനക്കമറ്റ നിദ്രയിൽ ലയിപ്പതിന്നു മുൻപിലായ്**

**എനിക്കനേക ദൂരമുണ്ടവിശ്രമം നടക്കുവാൻ.**

**രുദ്ര രാജീവ്**

നുറുങ്ങ്

വായിച്ചാലും വളരുംവായിച്ചില്ലേലും വളരും
വായിച്ച വളർന്നാൽ വിളയും
വായിക്കാതെ വളർന്നാൽ വളയും

കുഞ്ഞുണ്ണി മാഷ്

നന്ദി ..........